അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

115 (1178) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൻകിട, ഇടത്തരം, ചെറുകിട മേഖലകളിൽ സംസ്ഥാനത്തു പ്രവർത്തിച്ചു കൊണ്ടിരുന്ന വ്യവസായ സ്ഥാപനങ്ങൾ എത്രയെന്നു വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഇപ്പോൾ ഉല്പാദനം നിർത്തിവച്ചിട്ടുള്ളതോ അടച്ചുപൂട്ടിയതോ ആയ വ്യവസായ സ്ഥാപനങ്ങൾ എത്രയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൻകിട മേഖലയിൽ 121-ഉം ഇടത്തരം മേഖലയിൽ 268-ഉം ചെറുകിട മേഖലയിൽ 239896-ഉം വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്തു പ്രവർത്തിച്ചുകൊണ്ടിരുന്നു.

(ബി) കെ.എസ്.ഐ.ഡി.സി.യുടെ കീഴിലുള്ള 23 സ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള അടച്ചുപൂട്ടിയ വ്യവസായങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

ആഗോള നിക്ഷേപ സംഗമം ഉയർത്തിയ പ്രതീക്ഷകൾ

116 (1180) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള നിക്ഷേപ സംഗമം ഉയർത്തിയ പ്രതീക്ഷകൾ, സാക്ഷാത്കരിക്കാൻ കഴിഞ്ഞതായി കരുതുന്നുണ്ടോ ;

(ബി) നിക്ഷേപ സംഗമത്തിൽ ധാരണയായിട്ടുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് തടസ്സമായിട്ടുള്ള സംഗതികൾ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ജിമ്മിൽ ഒപ്പുവച്ച പ്രോജക്ടുകളിൽ, ഐ.പി.സി. തെരഞ്ഞെടുത്ത 40 പ്രോജക്ടുകൾ ആശാവഹമായ രീതിയിൽ പുരോഗമിക്കുന്നുണ്ട്.

(ബി) സ്ഥായിയായ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ആഗോള നിക്ഷേപ സംഗമം ഒരു പുതിയ സംരംഭമായിരുന്നതിനാൽ കീഴ്വഴക്കങ്ങളുടെ അഭാവം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സ്വകാര്യനിക്ഷേപത്തോടുള്ള അന്ധമായ എതിർപ്പു വിവാദങ്ങൾ, സമരമുറകൾ എന്നിവയെല്ലാം തടസ്സം സൃഷ്ടിക്കുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly